# സൗമ്യം... ദീപ്തം...

## ഒരു കലാലയത്തിന്റെ തുടിപ്പുകൾ......






ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് ഐ.ടി. കൂട്ടായ്മ

ജി.എച്ച്.എസ്സ്.എസ്സ്. ചീമേനി

# സൗമ്യം... ദീപ്തം...

## ഒരു കലാലയത്തിന്റെ തുടിപ്പുകൾ......




ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ് ഐ.ടി. കൂട്ടായ്മ
ജി.എച്ച്.എസ്സ്.എസ്സ്. ചീമേനി

# ആശംസ

**ഹെഡ് മാസ്റ്റർ**
**ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ**



ഒരു നവകേരളം സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും സുപ്രധാനമാണ് '**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**'. മുൻപ് കാണാത്ത വിധം നമ്മുടെസംസ്ഥാനത്തിലെ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുന്നതിനും, പുത്തൻ ഉണർവ്വോടെ കുതിക്കുന്നതിനും ഇത് കാരണമായിത്തീർന്നിരിക്കുകയാണല്ലോ ?

ഹൈടെക് വിദ്യാലയങ്ങളിലെ ഐ.ടി.കൂട്ടായ്മയായി നേരത്തെ ഉണ്ടായിരുന്ന **"ഹായ് സ്കൂൾ കുട്ടിക്കൂട്ടം"** പരിപാടി പരിഷ്കരിച്ച് , കഴിഞ്ഞ വർഷം മുതൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോടെ കൈറ്റ് (KITE – Kerala Infrastructure and Technology for Education) നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **"ലിറ്റിൽ കൈറ്റ്സ്"**. ഈ വിദ്യാലയത്തിൽ വളരെ സജീവമായി പ്രവർത്തിച്ച വരുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ കുട്ടികൾ വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദഗ്ധ പരിശീലനം നേടി വരുന്നത് ഏറെ പ്രതീക്ഷകൾക്ക് ഇടം നൽകുന്നു.

അവരുടെ പരിശീലനത്തിന്റെ ഭാഗമായി **"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാകയാണ്. ഈ വിദ്യാലയത്തിന് ഏറെ അഭിമാനകരമായ രീതിയിൽ മികവുറ്റ ഒരു പ്രവർത്തനമായി ഇത് പരിഗണിക്കാവുന്നതാണ് എന്ന് സസന്തോഷം അറിയിച്ച കൊണ്ട്, ഈ സംരംഭത്തിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ മുഴുവൻ അംഗങ്ങളെയും, അവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന കൈറ്റ് മാസ്റ്റർമാരെയും ഹൃദ്യമായി അഭിനന്ദിക്കുകയും, ഈ മാഗസിന് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

എന്ന്,

ഉണ്ണികൃഷ്ണൻ. കെ.കെ,
ഹെഡ് മാസ്റ്റർ ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 17, 2019.

# ആശംസ

**പി ടി എ പ്രസിഡന്റ്**
**ശ്രീ. രാമകൃഷ്ണൻ**



ഈ വിദ്യാലയത്തിലെ ചരിത്രത്തിൽ ആദ്യമായാണ് ഒരു **'ഡിജിറ്റൽ മാഗസിൻ'** പുറത്തിറക്കുന്നത്. അതിന്കൈ മുൻകൈ എടുത്ത **ലിറ്റിൽ കൈറ്റ്സി**ലെ അംഗങ്ങൾ ഒരു പാട് അഭിനന്ദനം അർഹിക്കുന്നു. അവർക്ക് പരിശീലനം നൽകുന്ന അധ്യാപകരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. **"സൗമ്യം.... ദീപ്തം..... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

എന്ന്,

രാമകൃഷ്ണൻ,
പി ടി എ പ്രസിഡന്റ് ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 17, 2019.

# ആശംസ

**സ്റ്റാഫ് സിക്രട്ടറി**
**ശ്രീ. സതീശൻ മാസ്റ്റർ**



ജി എച്ച് എസ്സ് എസ്സ് ചീമേനിയിലെ ഐടി യിൽ മികവ് തെളിയിച്ച മിടുക്കരായ **'ലിറ്റിൽ കൈറ്റ്സ്'** അംഗങ്ങൾ ഇദംപ്രഥമമായി തയ്യാറാക്കിയ **"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന ഡിജിറ്റൽ മാഗസിൻ , കുട്ടികളുടെ മാതൃകാപരമായ പ്രവർത്തനത്തിന് ഒരു മികച്ച ഉദാഹരണവും, ഏറെ അഭിനന്ദനാർഹവുമാണ്. പ്രസ്തുത സംരംഭത്തിന് സ്കൂൾ സ്റ്റാഫിന്റെയും, എന്റെ വ്യക്തിപരവുമായ ആശംസകൾ നേരുന്നു.

എന്ന്,

സതീശൻ.പി,
സ്റ്റാഫ് സിക്രട്ടറി,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 17, 2019.

# ആശംസ

**സീനിയർ അസിസ്റ്റന്റ്**
**ശ്രീമതി . രമാദേവി ടീച്ചർ**



ചീമേനി ജി എച്ച് എസ്സ് എസ്സ്.ലെ **'ലിറ്റിൽ കൈറ്റ്സ്'** അംഗങ്ങൾ തയ്യാറാക്കിയ **"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിലും, അവതരണത്തിലും വളരെ മികവ് പുലർത്തുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച മുഴുവൻ വിദ്യാർത്ഥികളെയും, അവർക്ക് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകി വരുന്ന അധ്യാപകരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. സ്കൂളിന് തന്നെ മുതൽക്കൂട്ടായി ഈ മാഗസിന് സർവ്വവിധ ആശംസകളും നേരുന്നു

എന്ന്,

രമാദേവി.
സീനിയർ അസിസ്റ്റന്റ് ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 17, 2019.

# ആശംസ

**സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ**
**ശ്രീ.രാജേഷ്. കെ.കെ.പി.**



ജി എച്ച് എസ്സ് എസ്സ് ചീമേനിയിലെ **'ലിറ്റിൽ കൈറ്റ്സ്'** അംഗങ്ങൾ തയ്യാറാക്കിയ **"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന ഡിജിറ്റൽമാഗസിന് എല്ലാ ആശംസകളും നേരുന്നു.


എന്ന്,

രാജേഷ്. കെ.കെ.പി.,
സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 17, 2019.


little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
വിവിധ പരിശീലനങ്ങൾ
വിദഗ്ധരുടെ ക്ലാസുകൾ
ഇൻഡസ്ട്രിയൽ വിസിറ്റുകൾ
ക്യാമ്പുകൾ
അനിമേഷൻ
പ്രോഗ്രാമിങ്
മൊബൈൽ ആപ്പ് നിർമ്മാണം
ഗ്രാഫിക് ഡിസൈനിങ്
മലയാളം കമ്പ്യൂട്ടിങ്
ഹാർഡ്‌വെയർ
ഇലക്ട്രോണിക്സ്
റോബോട്ടിക്സ്
സൈബർ സുരക്ഷ
വെബ് ടി.വി
മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ
യൂണിറ്റ് ആരംഭിക്കാൻ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം
അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ഫെബ്രുവരി 24
ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ
വിശദവിവരങ്ങൾക്ക് www.kite.kerala.gov.in സന്ദർശിക്കുക
12, ഫോൺ 0471 2529800, ഫാക്സ് 2529810
contact@kite.kerala.gov.in

# അരങ്ങിലും അണിയറയിലും...............



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പ്രത്യുഷ് .ആർ (9A)

അസോസിയേറ്റ് എഡിറ്റർ

വൈഷ്ണവ് മോഹൻ (9B)

സ്റ്റാഫ് അഡൈ്വസർമാർ

ശ്രീ. രാജേഷ്.കെ.കെ.പി. (കൈറ്റ് മാസ്റ്റർ )
ശ്രീമതി ബിന്ദു.പി. (കൈറ്റ് മിസ്ട്രസ്സ് )

സഹായം

ഫേബ അനിൽ
സുധാസ്.K
ശ്രാവൺ.G.മധുസൂധനൻ
മിഥുൻ.P
സൗരവ്.T
നിവേദ്.മധു
ആദിഷ്.M
ദേവദത്തൻ.A
വൈഷ്ണവ് മോഹൻ
അശ്വിൻ.P.S

പ്രതാപ്.K
അനന്യ.C.K
അഞ്ജന.M
ലാവണ്യ.K.V
നയന.N
നവ്യ.P.V
രശ്മി.A
അഗീത.P
രോഹിത രവി

# താളുകൾ മറിക്കുമ്പോൾ ...............


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | തുടക്കം | 11 |
| 2 | എന്റെ മുത്തശ്ശി | 12 |
| 3 | വേനൽക്കാഴ്ച | 12 |
| 4 | ആരാണാരാണാരാണ് | 13 |
| 5 | ഞാൻ മഴ | 13 |
| 6 | സ്നേഹത്തിന്റെ ഭാഷ | 14 |
| 7 | ഇരുട്ടിനെ ഭയക്കുന്ന പെൺകുട്ടി | 15 |
| 8 | നഗരക്കാഴ്ചകൾ | 17 |
| 9 | മടി മാറി | 18 |
| 10 | ഗണിത പ്രഹേളിക | 19 |
| 11 | നവമാധ്യമ വർത്തമാനകാലം | 20 |
| 12 | താരകമേ നിന്നോട് | 22 |
| 13 | പ്രളയം | 23 |
| 14 | യുറേക്ക | 24 |
| 15 | I'M A LITTLE ROCKET | 25 |
| 16 | Morris little monkey | 25 |
| 17 | Nature | 26 |
| 18 | Tourism, Modern Trends | 27 |
| 19 | Teachers'day | 29 |
| 20 | My School | 30 |
| 21 | English-world language | 32 |
| 22 | Water fun facts | 33 |
| 23 | ചിത്രങ്ങളിലൂടെ | 34 |
| 24 | ചില നിമിഷങ്ങൾ | 37 |
| 25 | ഒടുക്കം | 39 |

# തുടക്കം ...........

വിവര വിനിമയ സാങ്കേതികവിദ്യയുടെ വികാസത്തോടെ, ലോകം അക്ഷരാർത്ഥത്തിൽ തന്നെ കൈക്കുമ്പിളിലാണല്ലോ? വൈജ്ഞാനിക വിസ്ഫോടനത്തിന്റെ ഈ പുതിയ കാലത്ത്, ഐ.സി.ടി. യിലെ നൂതനങ്ങളായ സങ്കേതങ്ങൾ പരിചയപ്പെടുന്നതിനും, പ്രയോഗത്തിൽ വരുത്തുന്നതിനും, വിദ്യാർത്ഥികളായ ഞങ്ങൾക്ക് **ഹൈടെക് വിദ്യാലങ്ങളിലെ ഐ.ടി. കൂടായ്മയായ ലിറ്റിൽ കൈറ്റ്സ്** വഴി സുവർണ്ണാവസരം കൈവന്നിരിക്കുകയാണ്. ഞങ്ങൾക്ക് ലഭിച്ച പരിശീലനത്തിലെ സങ്കേതങ്ങൾ പ്രയോഗിച്ച് , ആദരണീയരായ ഗുരുക്കന്മാരുടെ മാർഗ്ഗ നിർദ്ദേശത്തോടെ ഞങ്ങൾ **"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ അവതരിപ്പിക്കുകയാണ്.

ചീമേനി ഗവ: ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഏറ്റെടുത്ത ആദ്യത്തെ ഈ സംരംഭത്തിന് നിങ്ങളേവരുടെയും പിൻതുണയും, അനുഗ്രഹവും ഉണ്ടാകുമല്ലോ? പരിചയക്കുറവിന്റെയും മറ്റും പരിമിതികൾ ധാരാളം കാണമായിരിക്കും. എങ്കിലും ഒമ്പതാം തരം വിദ്യാർത്ഥികളായ ഞങ്ങളുടെ ഈ ഉദ്യമത്തിന് എല്ലാവരും പരിപൂർണ്ണ പിൻതുണ നൽകുമെന്ന ശുഭപ്രതീക്ഷയോടെ ഈ മാഗസിൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.



എന്ന്

വിനയപൂർവ്വം
പ്രത്യുഷ്.ആർ
ചീഫ് എഡിറ്റർ

# എന്റെ മുത്തശ്ശി



മുത്തശ്ശിയുടെ സ്നേഹത്തോടെയുള്ള വിളികേട്ടാണ് ഞാൻ എന്നും ഉണരാറ്. എന്നും അതിരാവിലെ എഴുന്നേൽക്കുന്നതും പതിവാണ്.ഉറങ്ങുന്നതും മുത്തശ്ശിയുടെകൂടെയാണ്. ഒരിക്കൽപോലും എന്റെ മുത്തശ്ശി എന്നെ വഴക്കുപറഞ്ഞിട്ടില്ല.

ഞാൻ എന്തെങ്കിലും ഒരു കാര്യം ചെയ്യണമെങ്കിൽ എനിക്കൊരു കഥ പറഞ്ഞുതരണമെന്ന് മുത്തശ്ശിക്കറിയാമായിരുന്നു. കളിക്കാൻ ,കുരുത്തക്കേട്ക്കാട്ടാതിരിക്കാൻ , ഉറങ്ങാൻ, കഥകൾപറഞ്ഞുതരാൻ എന്നിങ്ങനെ ഏതുകാര്യത്തിനും എനിക്ക് എന്റെ മുത്തശ്ശിയാണ് കൂട്ട്.

അനന്യ.സി കെ



# വേനൽ കാഴ്ച്ച




ചെടികളുടെ രോമങ്ങൾ പൊഴിഞ്ഞുപോകും കാലം
ഇടനെഞ്ചിൽ വേനലിൻ വെയിലേറ്റകാലം
മുളകളുടെ ഗീതം നിലച്ച കാലം
പുല്ലുകൾ ഉണങ്ങികരിൻപുറ്റായകാലം
ആ കാലം വേനലിൻ വെയിലേറ്റകാലം
കിളികളുടെ നാദം നിലച്ച കാലം
കിണറുകൾ വറ്റിവരണ്ട കാലം
ആ കാലം വേനലിൻ വെയിലേറ്റ കാലം
ഒരു തുള്ളി നീരിനായി കാത്തകാലം
മണ്ണിന്റെ ഗന്ധം നിലച്ചകാലം
ആ കാലം എൻ ഓർമ്മയിൽ വെയിലേറ്റകാലം



നിവേദ് മധു

# ആരാണാരാണാരാണ്

ഞാനോടുമ്പോൾ എൻകൂടെ
ഓടിവരുന്നൊരു പാൽക്കിണ്ണം
ഞാൻ നിൽക്കുമ്പോൾ നിൽക്കുന്നു
തങ്കം പോലെ തിളങ്ങുന്നു
വെളുത്തരുണ്ടൊരു നേരത്ത്
ആകാശത്തിൽ തിളങ്ങുന്നു
പുഞ്ചിരിയോടെ ചിരിക്കുന്നു
ആരാണീ വെൺ തിങ്കൾ
ആരാണി പൊൻതിങ്കൾ





ലാവണ്യ .കെ വി

# ഞാൻ മഴ

ഞാൻ മഴ.എന്നെ നിങ്ങൾക്കൊക്കെ അറിയാം. ഞാനില്ലാതെ നിങ്ങളില്ല, ഈ ലോകവും. ഞാൻ പ്രകൃതിയിലെ ഓരോ ജീവജാലങ്ങൾക്കും പുതു ജീ–വൻ നൽകുന്നു .സൂര്യന്റെ കൈകളാൽ വാനിലെക്ക് ഉയരുകയും കാറ്റിന്റെ തലോടലിൽ തണുത്തുറഞ്ഞ് .

എന്നാൽ ഇന്ന് ഭൂമിയിലേക്ക് പോകുവാൻ മടുത്തു. കാരണം എന്നെ മനുഷ്യർ മലിനീകരിക്കുകയണ്.അതുപോലെ പ്രകൃതിയെയും നിങ്ങൾ മലിനീകരിച്ചു. ഞാൻ നിങ്ങളോട് എന്ത് തെറ്റാണ് ചെയ്തത്.എനിക്ക് നിങ്ങളോട് പകയാണ്. ഈ പകതീർക്കാ–നായി ഞൻ എന്റെ ഉഗ്രരൂപമായ പ്രളയമായി എത്തിയത്. എനിയെങ്കിലും നിങ്ങൾ എന്നെ മലിനീകരിക്കരുത്

സുധാസ്. കെ



# സ്നേഹത്തിന്റെ ഭാഷ

ജോലി കഴിഞ്ഞെത്തിയഅമ്മയോട്മൂത്തമകൾപരാതി പറഞ്ഞു.അനിയത്തിക്കുട്ടി ഭിത്തി മുഴുവൻവരച്ചിരിക്കുന്നു.കുട്ടിയെ അടിക്കാൻ തുടങ്ങിയ അമ്മ പെട്ടെന്നു ഭിത്തിയിൽ ശ്രദ്ധിച്ചു.എല്ലാവരകളും ഒരേ രീതി യിൽ.ഒന്നുകൂടി സൂക്ഷിച്ചു നോക്കിയപ്പോൾ കുട്ടി എഴുതിയത് മുഴുവൻ വായിക്കാൻ സാധിച്ചു.ഐ ലവ് യൂ അമ്മ...........
കുട്ടിയുടെ കണ്ണ് പേടിയാലും അമ്മയുടെ കണ്ണ് സ്നേഹത്താലും നിറഞ്ഞു.

എല്ലാവരും പരസ്പരം പറയാൻ ശ്രമിക്കുന്നത് ഒന്നുതന്നെയാണ്.എനിക്കു നിന്നെ ഇഷ്ടമാണ്.പക്ഷേ പലരും അത് അറിയിക്കുന്നത് പല രീതിയിലാണ്.തനിക്കുള്ള ധാരണകളും പ്രതീക്ഷകൾക്കും അനുസരിച്ച് മറ്റുള്ളവരെ വ്യാഖ്യാനിക്കികയും വിലയിരിത്തുകയും ചെയ്യുമ്പോൾ നഷ്ടപ്പെടുന്നത് മനഃസമാധാനവും ബന്ധങ്ങളിലെ മനോഹാരിതയുമാണ്.തിരിച്ചറിയാനാവാത്ത വൈവിധ്യഭാവമാണ് സ്നേഹത്തിനുള്ള വലിയൊരു പ്രത്യേകത.സ്നേഹത്തിൻെറ എല്ലാഭാഗങ്ങളും വിശദീകരിക്കുന്ന ഏതെങ്കിലും നിഘണ്ടു ഉണ്ടാകുമോ?

ഹൃദയവും തലച്ചോറും തമ്മിലുള്ള മത്സരത്തിൽ ഹൃദയം ജയിക്കിന്നതാണ് നല്ലത്.കാരണം അറിവ് എല്ലാറ്റിനുമുള്ള ഒറ്റമൂലിയല്ല.അനുഭവങ്ങളും അനുഭൂതികളുമാണ് സമ്പർക്കങ്ങൾക്കു സ്ഥിരത നൽകുന്നത് ഓർമിക്കാൻ ഏതെങ്കിലും സമ്മാനിച്ചവർ ഹൃദയം കൈമാറുന്നവരാണാ.പക പോക്കുകയായിരുന്നു എന്നു വിധിച്ച പല പ്രവർത്തികളും പടുത്തുയർത്താൻ വേണ്ടിയായിരുണ എന്നു തിരിച്ചറിയുന്നത് ഹൃദയത്തിന് തലച്ചോറിനെ കീഴടക്കാൻ ശ്രമിക്കുന്നതു കൊണ്ടാണ്.

പൊരുത്തക്കേടുകളോടും പൊരുത്തപ്പെടാൻ കഴിയുന്നവർക്ക് മാത്രമേ,സ്നേഹിക്കാൻ കഴിയൂ............. സ്നേഹിക്കപ്പെടാനും.

ശ്രാവൺ ജി മധുസൂധനൻ



# ഇരുട്ടിനെ ഭയക്കുന്ന പെൺകുട്ടി



ഇരുട്ടിനെ അവൾക്കെന്നും പേടിയായിരുന്നു. എന്നാൽ ഇന്നവൾക്ക് ഭയം ഒട്ടും തന്നെ ഇല്ല കാരണം അവൾ
അതിനേക്കാൾ മുൻഘണന നൽകുന്ന എന്തോ അവളുടെ ജീവിതത്തിൽ ഇന്ന് നടക്കാൻ പോകുന്നു.

അത് മാത്രമായിരുന്നു അവളുടെ മനസ്സിൽ എന്തിനെയും നേരിടാനുള്ള ഒരു ധൈര്യംഅവളുടെ മനസ്സിൽ ഉടലെടുത്തിരുന്നു. പെട്ടെന്നവളുടെ ചലനം നിലച്ചു. കാരണം അവൾ

അവളുടെ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞു. അതെ അയാൾ അവിടെ തന്നെയുണ്ട്.

തൻെറ ജീവിതത്തിൽ അവൾ ഏറ്റവും വെറുക്കുന്ന വ്യക്തി .ആ പട്ടണത്തിൽ എനിയും കടകൾ അടക്കാൻ ആയില്ലെ ? അവളുടെ മനസ്സിൽ അയാളോടുള്ള പ്രതികാരം മാത്രമായിരുന്നു.അവൾക്ക് കാത്തിരിക്കാനുള്ള ക്ഷമ നശിച്ചിരുന്നു.ലക്ഷ്യ സ്ഥാനത്ത് എത്തിയിട്ടും അത് നിറവേറ്റാൻ പറ്റാത്ത അമർഷം അവൾ കടിച്ചമർത്തി.ആരും കാണാതെ ഒരു കടയുടെ പിറകിൽ പട്ടണം ഇരുൾമൂടാനായി അവൾ കാത്തിരുന്നു. അവൾ അവിടെയിരുന്നുകൊണ്ട് ഭൂതക്കാലത്തേക്കൊരു എത്തിനോട്ടം നടത്തി.

ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടമായ അവൾ മാമന്റെ കൂടെയാണ് താമസിച്ചത് . അമ്മായിയുടെ ക്രൂര ഉപദ്രവം സഹിച്ചാണ് അവളുടെ ഓരോ ദിവസവും മുന്നോട്ട് പോയത്. അവളുടെ ജീവിതത്തിൽ ഏറ്റവും സന്തോഷവും സമാദാനവും അവളുടെ കുട്ടകാരി അമ്മുമാത്രമാണ്.



അഞ്ജന .എം

# നഗരക്കാഴ്ചകൾ

ഞാൻ രാവിലെ പുഴക്കരയിൽ കളിക്കുമ്പോൾ അച്ഛൻ വന്നു വിളിച്ചു.അച്ഛൻ എന്നോട് പറഞ്ഞു "നമ്മൾക്കെല്ലാം ഇന്ന് നഗരം കാണാൻ പോകാം". അപ്പോൾ എന്റെയുള്ളിൽ സന്തോഷമായിരുന്നു. ഞാൻ വിചാരിച്ചത് ഗ്രാമത്തെക്കാൾ നല്ലത് നഗരമാണെന്നാണ്. അവിടെ എത്തിയപ്പോഴാണ് എനിക്ക് മനസ്സിലായത്. പുകപിടിച്ച അന്തരീക്ഷം എനിക്ക് സഹിക്കാൻ പറ്റിയില്ല. കുറെ നടക്കുമ്പോൾ ഒരു കടയിൽ പഴങ്ങൾ വിൽക്കുന്നുണ്ടായിരുന്നു. ഞാൻ അച്ഛനോട് ചോദിച്ചു . ഒരു പഴം വാങ്ങിതരുമോ .അച്ഛൻ പറഞ്ഞു അതിൽ കീടനാശിനി ഒഴിച്ചിട്ടുണ്ടാവും .

ഞങ്ങ ൾ ഒരു കെട്ടിടം കണ്ടു .അതിൽ നിറയെ ആളുകൾ ഒരു തോടിനടുത്തേക്ക് നടക്കുമ്പോൾ അതിലേക്ക് കുറെ പേർ മാലിന്യങ്ങൾ വലിച്ചെറിയുന്നുണ്ടായിരുന്നു. ഞാനത് തടയാൻ നോക്കിയപ്പോൾ അച്ഛൻ എന്നെ തടഞ്ഞു. കുറെ നടന്ന് റോഡിനടുത്തെത്തി. അവിടെ ജനങ്ങളുടെ വൻ തിരക്ക്.മറുവശത്ത് കണ്ണെത്താദൂരത്തോളം വാഹനങ്ങൾ .നമ്മൾ രണ്ടു ദിവസം അവിടത്തെ കാഴ്ചകൾ കണ്ട് മടങ്ങി . എനിക്ക് ഒരു കാര്യം ബോധ്യമായി

നഗരത്തേക്കാൾ നല്ലത് ഗ്രാമം തന്നെ എന്ന കാര്യം



നവ്യ .പി വി

# മടി മാറി



പാറുകുറുക്കന്റെ മക്കളാണ് ജംബുവും ജില്ലുവും . ജംബുമഹാമടിയാണ്.അമ്മകൊണ്ടുവന്നആഹാരം കഴിച്ച് കൊഴുത്ത് തടിച്ചിരിക്കുന്നു . ഒരു ദിവസം അമ്മ ആഹാരം കൊണ്ടുവരാൻ വൈകി. വിശപ്പ് സഹിക്കാൻ കഴിയ്യെ ഞണ്ടിനെ അന്വേഷിച്ച് കടൽ ക്കരയിൽ എത്തി . ഞണ്ടിനെ കാണുമ്പോൾ വായില് വെള്ളമൂറി . ചുറ്റുപാടും നോക്കതെ അതിനെ ശാപ്പിടാൻ തുടങ്ങി. ഇത് കണ്ട ക്കുട്ടിക്കൾ കല്ല് എറിഞ്ഞു . അവന്റെ കാലിന് പരിക്ക് പറ്റി . ആഹാരം തേടിപ്പോയ അമ്മകുറുക്കൻ തിരിചെത്തി . നീ ജോലി ചെയ്യാ തെ മടിയനായതു കൊണ്ടാണ് ഇത് സംഭവിച്ചത്. അമ്മ പറഞ്ഞു . അന്ന് മുതൽ അവന്റെ മടിമാറി . നല്ല ശീലമുള്ളവനായി.

രശ്മി. എ 

# ഗണിത പ്രഹേളിക

*ചോദ്യം ഇതാ...* *ഉത്തരം പറയൂ...*

ഗ്രീസിലെ ജോർജ് രാജാവ്, ഹെലൻ എന്ന പണ്ഡിതന് ഒരു സമ്മാനം നൽകാൻ തീരുമാനിച്ചു.

ഏതു ദിവസമാണ് ഹെലൻ കൊട്ടാരം സന്ദർശിക്കുന്നത് ആ തീയതിക്കു തുല്യമായ ഗ്രാം സ്വർണ മോതിരം നൽകും.

ഉദാഹരണമായി 25 ആം തീയതിയാണ് ഹെലൻ കൊട്ടാരത്തിൽ വരുന്നതെങ്കിൽ 25 ഗ്രാം ഉള്ള സ്വർണമോതിരം നൽകും.

16 ആം തീയതിയാണ് കൊട്ടാരത്തിൽ വരുന്നതെങ്കിൽ 16 ഗ്രാം ഉള്ള സ്വർണമോതിരം നൽകും.

രാജാവ് ഓട്ടോ എന്ന തട്ടാനെ വിളിപ്പിച്ചു.

ഒരു ഗ്രാം മുതൽ 31 ഗ്രാം വരെയുള്ള 31 മോതിരങ്ങൾ ഉണ്ടാക്കാൻ രാജാവ് ഓട്ടോയോട് പറഞ്ഞു.

പക്ഷേ 5 മോതിരങ്ങൾ മാത്രമാണ് ഓട്ടോ ഉണ്ടാക്കിക്കൊടുത്തത്

ഹെലൻ എന്ന പണ്ഡിതൻ ഏതു ദിവസം കൊട്ടാരത്തിൽ വന്നാലും അദ്ദേഹത്തിന് സമ്മാനമായി നൽകാൻ ഈ അഞ്ച് മോതിരങ്ങൾ മതിയായിരുന്നു.

ആ 5 മോതിരങ്ങളുടെ ഭാരങ്ങൾ എത്ര ഗ്രാം വീതം ആയിരുന്നു???



ബിന്ദു ടീച്ചർ



# നവമാധ്യമ വർത്തമാനകാലം



*ഇന്റർനെറ്റ്,കമ്പ്യൂട്ടർ,മൊബൈൽ ഫോൺ,ഇതരവ്യക്തികത ഡിജിറ്റൽ ഉപകരണങ്ങൾ തുടങ്ങിയ നവമാധ്യമ സാങ്കേതിക വിദ്യകളുടെയും ഉപകരണങ്ങളുടെയും വ്യാപകമായ പ്രചാരം സമൂഹത്തിന്റെ അടിസ്ഥാനപരത- യെത്തന്നെ മാറ്റിത്തീർത്തു.ലോകം മുഴുവൻ ഉൾക്കൊള്ളുന്ന വലിയൊരു ശൃംഖലയുടെ ഭാഗമായാണ് ജനങ്ങൾ ഇന്ന് തങ്ങളുടെ സാമൂഹികവും വ്യക്തിപരവുമായ ദൈനംദിനാവശ്യങ്ങൾ നിറവേറ്റുന്നത്.വർത്തമാനകാല സമൂഹത്തിന്റെ അടിസ്ഥാനസ്വഭാവം മാധ്യമകേന്ദ്രീകൃതമാണ് എന്നതാണ്.നവമാധ്യമം പൊതുജനമാധ്യമം, പരമ്പരാഗതമാധ്യമം എന്നിങ്ങനെയുള്ള സങ്കൽപത്തിന്റെ അതിരുകൾ തന്നെ മാഞ്ഞുപോയിരിക്കുകയാണ്.*

*നവമാധ്യമങ്ങളുടെ കടന്നുവരവ് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ചലനാത്മകമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഇതിന്റെ സ്വാധീനം വളരെ വലുതാണ്.നവമാധ്യമങ്ങളുടെ ഏറ്റവും വലിയ സവിശേഷത അത് ഒരേ സമയം വ്യക്തിഗത മാധ്യമമായതും ബഹുജനമാധ്യമങ്ങളുടെ ഏറ്റവും വലിയ സവിശേഷത അത് ഒരേ സമയം വ്യക്തിഗതമാധ്യമമായതും ബഹുജനമാധ്യമമായതുമാണ് എന്നതാണ്.*

*ബഹുജനമാധ്യമം എന്ന നിലയിൽ നവമാധ്യമം പരമ്പരാഗത അനലോഗ്*

മാധ്യമങ്ങളുടെ പരിമിതികളെ ലഘൂകരിക്കുന്നു.മാധ്യമരംഗത്തെ കേന്ദ്രീകൃത അധികാരവും ബാഹ്യശക്തികളുടെ ഇടപെടലുകളും നിയന്ത്രണങ്ങളും പരിമിതികളെ ലഘൂകരിക്കുന്നു.മാധ്യമരംഗത്തെ കേന്ദ്രീകൃത അധികാരവും ബാഹ്യശക്തികളുടെ ഇടപെടലുകളും നിയന്ത്രണങ്ങളും പരിമിതപ്പെടുത്തി നവമാധ്യമങ്ങൾ അനുവാചകരുമായുളള ബന്ധത്തെ പുനഃക്രമീകരിക്കുന്നു.വിവരസാങ്കേതികയുഗത്തിൽ നവമാധ്യമങ്ങൾ വളരെ സർഗാത്മകവും ചലനാത്മകവും വിജ്ഞാനപരവും ബുദ്ധിപരവും പരസ്പര സമ്പർക്കത്തിനുതകുന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും സജീവപ്രതലം കൂടിയയാണ്.

നവമാധ്യമങ്ങളുടെ ഗുണങ്ങളിൽ പ്രധാന സവിശേഷത ഡിജിറ്റൽ സ്വഭാവം,പരസ്പര സമ്പർക്കം,വ്യക്തിപരത,സമന്വയം,ശൃംഖലാവൽക്കരണം തുടങ്ങിയവയാണ്.നവമാധ്യമങ്ങളുടെ അടിസ്ഥാന സ്വഭാവമാണ് അവയുടെ ഡിജിറ്റൽവൽക്കരണം.നവമാധ്യമങ്ങളിലൂടെയുള്ള വിവരങ്ങളുടെ നിർമ്മാണവും കൈമാറ്റവും ഡിജിറ്റൽ രൂപത്തിലാണ് നടക്കുന്നത്.വ്യക്തിപരമായ ആശയവിനിമയവും വിവരകൈമാറ്റവും നവമാധ്യമങ്ങളുടെ മാത്രം സവിശേഷതയാണ്.മാത്രമല്ല അവ സദാസമയവും പ്രവർത്തന നിരതവുമാണ്.പൊതുവിൽ ജനങ്ങളുടെ സാമൂഹികബന്ധങ്ങളും സർഗ്ഗാത്മകശീലങ്ങളും ഇന്ന് വയർലസ് ആശയവിനിമയത്തിന്റെ ഭാഗമായി ക്രമീകരിക്കപ്പെടുകയും അവർ ശൃംഖലവൽകൃത സമൂഹത്തിന്റെ ഭാഗമായി മാറുകയും ചെയ്തിരിക്കുന്നു.






വൈഷ്ണവ് മോഹൻ

# താരകമേ നിന്നോട്



ആകാശത്തായിരം താരങ്ങൾ മിന്നുന്നു

അതിലൊരു താരമാന്നിന്നു നീയും
അനുപമ സുന്ദരമാമുഖമെന്നു ഞാൻ
ഓർമ്മയിൽ നിന്നു മെടുത്തു മാററും
ഓർക്കാൻ മറക്കാൻ ശ്രമിക്കുന്ന മാത്രയിൽ
ഒമനേ നീയെന്നിലോടിയെത്തും .
കാലത്തിൻ താളുകൾ മാറിമറിയവേ
കുഞ്ഞേ ഞാൻ നിന്നേ കണ്ടിടുന്നു .
മുററത്തു നിൽക്കുന്ന കർണികാരത്തിൻെറ
പുഞ്ചിരി നിൻേറ തുപോലെ തന്നെ .
വീടിനു മുന്നിലെ പുഷ്പവാനിയിലെ
പുവുകൾക്കെല്ലാം നിൻെറ നിറം
പൂക്കളെള നുകരുന്ന പൂമ്പാറ്റക്കുഞ്ഞിനും
നിന്നിളം മെയ്യിലെ മിനുമിനുപ്പ്
പൗർണമി രാവിലെ നീലനിലവിനും
നിൻെറ മുഖത്തിൻെറ കാന്തിതന്നെ
വൃശ്ചികമാസകുളിരു പകരുന്നു
നീലിച്ച നിൻമെയ്യിൻ  താണുതണുപ്പ്
കരിതേച്ച രാത്രിയിൽ നിന്നെ ഞാൻകാണുന്നു

നേരിൻെറ പകലിലോനീയില്ല .



തുളസി  ടീച്ചർ

# പ്രളയം



ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ കേരളം കണ്ട മഹാ വിപത്താണ് കുറച്ചു മാസങ്ങൾക്കു മുമ്പുണ്ടായ പ്രളയം. മനുഷ്യൻ പ്രകൃതിക്കെതിരെ ചെയ്ത ക്രൂരതകൾക്കുള്ള മറുപടിയാണ് ഈ പ്രളയം .

പ്രകൃതിയുടെ മനോഹാരിതയ്ക്ക് ഭംഗം വരുത്തിക്കൊണ്ട് മനുഷ്യൻ ചെയ്യുന്ന നിർമ്മാണ പ്രവർത്തികളും ഒക്കെ മനുഷ്യന്റെ നശീകരണ സ്വഭാവത്തിനുള്ള ചുട്ട മറുപടിയും മുന്നറിയിപ്പുമാണ് പ്രളയവും മറ്റു പ്രകൃതിദുരന്തങ്ങളും .

പ്രളയം വന്നത് ഒരു കാരണവശാൽ ഗുണകരമായിത്തീർന്നെന്നു പറയാം. ഒരു പ്രളയം വേണ്ടി വന്നു മനുഷ്യസമൂഹത്തിന്റെ ഐക്യവും പരസ്പര സഹോദര്യവും തിരിച്ചറിയാൻ. നമുക്കിനി ഒറ്റക്കെട്ടായി പൊരുതാം പ്രകൃതിയുടെ സംരക്ഷണത്തിനു വേണ്ടി.

പ്രത്യുഷ്. ആർ




# യുറേക്കാ



ചുമരിലെ ബ്ലാക്ക് ബോർഡിൽ
അക്ഷരങ്ങൾ ഉറുമ്പരിച്ച
കൂട്ടാനും കുറയ്ക്കാനും ആകാതെ
മ്മ്ണി ബല്ല്യോന്ന് ഇളിച്ചുകാട്ടി....
മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ
താഴെ വീഴുന്ന മഴത്തുള്ളികൾ നോക്കി
ന്യൂട്ടൺമാർ ഇരുന്നു...
അശോകനും അക്ബറും ആയുധമില്ലാതെ അടരാടി

ഒഥല്ലോയുടെ മുനയില്ലാത്ത പിച്ചാത്തി
ഡസ്റ്റിമോണമാരിൽ ചിരി പടർത്തി....
തൊടിയിലെ നെല്ലിമരച്ചുവട്ടിൽ
കായ്മണികൾ അനാഥമായി
പ്രണയത്തിന്റെ റീത്തുകൾ പേറി വരണ്ട കിണറുകൾ
ശ്മശാന മൂകതയിലമർന്നു...
ആരും കാണാതെ മനസ്സിലെ
മയിൽ പീലി തുണ്ടുകൾ
കാറ്റത്തലക്ഷ്യമായ്
പാറി നടന്നു

പുട്ടിനകത്തെ മുട്ടയും
മതിലുകൾ ഭേദിച്ച
ചുള്ളിക്കമ്പുകളും
ആരുടെയൊക്കെയോ സ്വകാര്യ കൗതുകങ്ങളായി...
നീണ്ട മണിനാദത്തിനൊടുവിൽ
ആർക്കമിഡീസുകളായി,
അവർ പറയുകയായി...
" യുറേക്കാ, യുറേക്കാ.... "



ഈശ്വരൻ മാസ്റ്റർ

# I'M A LITTLE ROCKET




I'm a little rocket
pointing at the moon
Now i'm gettig fueled up
well be ready soon
when it's time to board me
then i'll say:
blast off! Zoom! We're on our way!

Midhun.p



# Morris little monkey

*Morris little monkey woke up when the sun was high up in the sky. Another lovely day perfect for playing hide and sneak. Off he went to find his friends . Fist he came across Henry the hippotamous lets play hide and sneak !he call doute from the top of a tree not today morris bomed Henry there's only three more day's till the big fishing competition . I've got to dean my boat and cheak for let's you shoud be doing the same don't you think Nah , Illdo it tomorrow . Just then , who shoud come along but lucas the lion there ' no way did get me anywhere near the water even in a in a boat he shivered " come on morris ' I will so that played hide and sneak until the sun went down . The next day was sunny again perfect for racing games morris came across rose the rhino fist.*

*Let's race rose 'he chattered excitedly not today thanks morris it's only two more days untill the big fishing competion I have toto fix my motor and get my gear together . I Dont want to forget anything shoudn' t you be get in ready.*

*Adish M*



# Nature



*Nature largly refers to our physical world and life in generl. The word nature is derived from the latin word natura and essentially refers to things that are in existance or created naturally. This covers geology and wildlife and various types of living plants and animals an the enviourment or wilderness , wild animals, rocks , forest , beaches and those things that have not been substantially altered by human intervention. Elements that constitute nature are the building blocks of our life and thus make life without the existence of nature so impossible.*

*DEVADTHAN A*



# TOURISM; MODERN TRENDS



Nowadays the number of tourists is increasing in our country.They came to sightseeing,trade and entertainment.Tourism helps for social and cultural exchange among the people.Tourism helps to increase the facilities.We will get information about different countries and different cultures.All countries highly support tourism.We can make communication and relation with other countries through tourism.Tourism helps to increase national income.

Tourism has also negative side.We destroy hills,mountains and trees for constructing resorts.Through this man destroy the beauty of nature.Through tourism beautiful villages were destroyed largely.The beauty of nature such as river,trees,hills etc are disappered from the earth.Before tourism Kerala was GOD'S OWN COUNTRY.But today Kerala is filled with waste.

We can support tourism with a limit.We can support tourism by ensuring the protection of nature.


GREEN GOES WITH EVERY THING.




*PHEBA ANIL*



# Teachers' Day




*Teachers Day is celebrated on September 5. it is the birthday of Dr.S.Radhakrishnan, the second president of India. He was very talented teacher who loved his students . He had a very rare taste for teaching .*

*Dr.s.RadhaKrishnan was born in a brahmin family in madras . Philosophy in the Oxford university. In 1949 he become India's ambassador to soviet union. In 1952 , he was elected the president of India. It was in 1962 he became the president . Teachers day an occasion to remember his contribution to our nation*

*On this day we should also remember our loving teachers . We should express our love and respect for them . We know how much they work for our development. They try their best to make us the best in the world . We should remember their good works and pray for them .*

*NAYANA .N*



# MY SCHOOL




The name of my school is G.H.S.S CHEEMENI and it is situated in the district KASARGOD . I am proud to say that my school is one of the best in this locality . The presence of loving teachers and friends really makes it a heaven.

The beautiful compound fills my little heart with lot of happiness. And I feel like moving around like angels. Every day ,I Play with my friends in the school garden. When I am with them, I feel very happy . I forgot everything , and enjoy the time. When I am among the plants and flowers, I feel that I am the luckiest child in the world.

The love and care of the teachers is something unforgettable. Though I am away from the parents I don't feel their absence . The teachers help me to be a good child who is loving and responsible . They light the lamp of knowledge within my heart .I am very much thankful for their service

I love my school. But ,I will not just stop with these words of praise. I know that the best way to express my love for the school is to be a good child . I will be good student in all respects . I will study well ,play well and more than everything I will be a good human being.

You should also try to love the school and everyone here .they should be respected .because they make us better every day.

NAVYA .P.V



# ENGLISH-WORLD LANGUAGE




Today,English is not just a foreign language.It has become a world language.As a world language it has a great role to play.You know that there are many languages in the world .It is a very difficult situation.It becomes very difficult to communicate with each other.so,it is very necessary to have a common language.And english has become one.

We should learn good english language.Reading writing and speaking are the 3 pruposes of a language.You must learn to read well.Speaking good english is not easy.We have to work hard day night for it.we should listen to people speaking this language.We will have to work patiently for a long time.

*AGEETHA P*



# WATER FUN FACTS



*Over 90% of the world supply of fresh water is located in Antarctica.*

*Human body is 83% water.*

*70% of earth is covered with water but only about 1% of the worlds water readily available for human use.Nearly 97% is salty or otherwise undrinkable. Another 2% is locked in the ice caps and glaciers.That leaves just 1% for all humanity's needs.*

*If the entire worlds water were fit into a 4 litres jug, the fresh water available for us would equal only about one table spoon.*


*A dripping tap wastes atleast 5,500 litres of water a year.That's enough water wasted to fill a paddling pool every week for the whole summer.*

*WATER IS ESSENTIAL TO ALL LIVING BEINGS.SO WE CAN'T LIVE WITHOUT WATER.SO WE MUST PROTECT OUR WATER RESOURCES.*

*ROHITHA RAVI*



# ചിത്രങ്ങളിലൂടെ




*മിഥുൻ പി.*







സൗരവ്.ടി.





ഫേബ അനിൽ



# ചില നിമിഷങ്ങൾ





കായിക മേളയിൽ നിന്നും ....







ആരോഗ്യ പഠനം



പുസ്തക പ്രദർശനം




സ്കൂളിന്റെ പ്രധാന കവാടം

## ..................ഒടുക്കം

*ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയെന്നത് പൂവണിയാത്ത കിനാവായി അവശേഷിക്കുമ്പോളാണ് സ്കൂളിലെ കൈറ്റ് മാസ്റ്ററ്റേഴ്സ് അതിരില്ലാത്ത പിൻതുണയും പ്രോത്സാഹനവുമായി ഞങ്ങളെ അനുഗ്രഹിച്ചത്. ഈ സംരംഭം വിജയിപ്പിക്കാൻ അക്ഷീണം പ്രവർത്തിച്ച ഏവർക്കും* ***"സൗമ്യം.... ദീപ്തം.... ഒരു കലാലയത്തിന്റെ തുടിപ്പുകൾ"*** *എഡിറ്റോറിയൽ ബോർഡിനു വേണ്ടി ഹൃദയപൂർവ്വം  നന്ദി... നന്ദി... നന്ദി.....*

*വൈഷ്ണവ് മോഹൻ*
*അസോസിയേറ്റ് എഡിറ്റർ*



